
# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 3 No:8
website: www.csikattakada.in
e-mail: csikattakada@gmail.com
ജനുവരി 2015



എൻമനമേ, യഹോവയെ വാഴ്ത്തുക;
അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് സങ്കീ:103:2

**പുതുവത്സരാശംസകൾ**

GOVT. OF INDIA
916 BIS
HALLMARKED JEWELLERY

നെയ്യാറ്റിൻകര
പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
ഷോപ്പിംഗ് അനുഭവം




| കല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം | എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ | ഏറ്റവും കുറഞ്ഞ പണിക്കൂലി |
|---|---|---|

പെരേപ്പാടൻസ് 100% 916 ജ്വല്ലറി

ഗോൾഡ് പാർക്ക്

സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551

| കൊട്ടാരക്കര | നെടുമങ്ങാട് | കരുനാഗപ്പള്ളി | പയ്യന്നൂർ |
|---|---|---|---|
| Ph: 0474 - 3223637 | Ph: 0472 - 3201993 | Ph: 0476 - 2624599 | Ph: 0498 - 5208418 |

Head Office : Thrissur

ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.





സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

Vol: 3 No:8

ജനുവരി 2015



Website: www.csikattakada.in

E-mail: csikattakada@gmail.com

Phone: 0471-2290544, 0471-2293617


## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. കെ.പി. മോഹൻദാസ് | 9446330756 |
| റവ. ആർ.ഷിബു | 9495726850 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഫ്ലാസ്റ്റൻ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ് ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| വസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്

റവ.കെ.പി.മോഹൻദാസ്
റവ.ആർ.ഷിബു
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡ്വൈസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസ്രാജ് (കപ്യാർ) 9446564482

## ഉള്ളടക്കം


Pastor's view — 5
*റവ.കെ.പി.മോഹൻദാസ്*

ക്രിസ്ത്യാനികൾ ആൾദൈവങ്ങൾക്ക് പിന്നാലെയോ? — 6
*റവ.ഷിബു.ആർ*

പ്രധാന പ്രോഗ്രാമുകൾ — 8

വാർത്തകൾ, അറിയിപ്പുകൾ — 10

2015 അനുഗ്രഹത്തിന്റെ വർഷം — 13
*മിനിജാസ്റ്റസ്റ്റൻ*

ഫിലമോന്റെ അടിമ — 17
*വിൽഫ്രഡ് രാജ്*


## ചർച്ച് ന്യൂസ് ഡിസംബർ – 2014

വരവ്-ചെലവ്

| | വരവ് |
|---|---|
| പെരേഷാടൻസ് ഗോൾഡ് പാർക്ക് | 1500 |
| ബേബി റ്റീച്ചർ, റീജാഭവൻ | 1000 |
| വർഗ്ഗീസ്, സുരേഷ് കോട്ടേജ് | 1000 |
| പ്രൊഫ.എഡ്വിൻവില്യം | 2000 |
| ബി,ബ്രൈറ്റ്സിംഗ്, ലിസ്ബത്ത് | 1000 |
| ജെ.ക്രിസ്റ്റഫർ, റോസ്ഗാർഡൻ | 500 |
| മേരി റ്റീച്ചർ, .ഷാജിഭവൻ | 500 |
| വി.കെ.എഡ്വേർഡ്, സീയോൻ | 1000 |
| സത്യരാജി.ജി.എസ്, S.S. ഭവൻ | 1000 |
| സ്റ്റീഫൻസൻ, നെടുവത്താൻകുഴി | 200 |
| **ആകെ വരവ്** | **9700** |

| | ചെലവ് |
|---|---|
| കളർപേജ് ഡിസൈനിംഗ് | 800 |
| പ്രിന്റിംഗ് | 7500 |
| **ആകെ ചെലവ്** | **8300** |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio

## എഡിറ്റോറിയൽ

പുതിയൊരു ജനനത്തെപ്പോലെ ആഹ്ലാദകരമാണ് പുതിയൊരു വർഷത്തിന്റെ വരവും. കടന്നുപോയ വർഷത്തിന്റെ കഷ്ടങ്ങളും വേദനകളും മറവിയിലേക്ക് മായ്ച്ചുകളഞ്ഞ് പ്രത്യാശയുടെ പ്രഭാതപ്രകാശത്തിലേക്ക് വിളിച്ചുണർത്തുകയാണ് അത്. പ്രകാശംപരത്തി നിൽക്കുന്ന പല നേട്ടങ്ങളും നേടിയെടുത്ത വർഷം-ഒപ്പം മതഭീകരത നടത്തിയ കൂട്ടക്കുരുതിയും, ആകാശദുരന്തങ്ങളും, കൊടുംചുഴികൾ വിതച്ച ദുരിതങ്ങളും നാം കണ്ടു... നിർബന്ധ മതംമാറ്റം കൊണ്ട് കലുഷിതമായിക്കൊണ്ടിരിക്കുന്ന നാളുകൾ... പ്രത്യാശയെ നിർവീര്യമാക്കുന്ന അനുഭവങ്ങളെയോർത്ത് ഖേദിക്കലല്ല - തെറ്റുകൾ തിരുത്തി നേരിലേക്ക് നയിക്കലാണ് മനുഷ്യധർമ്മം.

അതുകൊണ്ടുതന്നെ തിരുത്തലിന്റെയും പുതുക്കലിന്റെയും തുടങ്ങലിന്റെയും ആരംഭ ബിന്ദുവാണ് ഈ മാസം. ജീവിത വിശുദ്ധിയിലൂടെ നമുക്ക് നമ്മുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാം. ഇമ്മാനുവേലായ ദൈവം നമ്മിലൂടെ പ്രവർത്തിക്കും.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ.എസ്.ഡി





സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി




### ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ

8.1.2015 (വ്യാഴം) ഗോഡ്വിൻരാജ്, പ്ലാവിള പുത്തൻവീട്
12.1.2015 (തിങ്കൾ) സോഫിയ, സോഫിൻഭവൻ
21.1.2015 (ബുധൻ) ജിജിക്കുഞ്ഞ്, രിജിഭവൻ
22.1.2015 (വ്യാഴം) അനിൽമോൻ, അനിൽഭവൻ

| വരവ് - ചെലവ് നവംബർ 2014 | സഭ | മിഷണറി ഫണ്ട് | ഗാർഡ്യൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 180668 | 132249 | 18758 | 100995 | 87064 |
| ചെലവ് | 179283 | 90750 | 6790 | 79750 | 65057 |
| നീക്കിയിരിപ്പ് | 1385 | 41499 | 11968 | 21245 | 22007 |
| അധികചെലവ് | – | – | – | – | – |




**കർത്താവിൽ പ്രിയ സ്നേഹിതരെ,**

ഒരു വർഷംകൂടെ നമ്മെവിട്ട് കടന്ന് പോകുന്നു. നന്മകൾ മാത്രം നൽകി നമ്മെ വ്യക്തികളായും, കുടുംബങ്ങളായും വഴി നടത്തിയ ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കാം. ദൈവം നമുക്കെന്തായിരിക്കുന്നുവോ അതിനായിട്ടാണ് നാം സ്തുതി അർപ്പിക്കുന്നത്. നമുക്ക് വേണ്ടി ദൈവം എന്ത് ചെയ്യുന്നുവോ അതിനാണ് നാം സ്തോത്രം കരേറ്റുന്നത്. സ്തുതിയും സ്തോത്രവും നമ്മുടെ ജീവിതയാത്രയിൽ എപ്പോഴുമുണ്ടാകേണ്ട പ്രവർത്തികളാണ്. പുതിയ വർഷത്തിലും ദൈവത്തിന്റെ കൃപ നമ്മുടെ മേൽ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒന്നിനെക്കുറിച്ചോർത്തും വ്യാകുലപ്പെടേണ്ടതില്ല. അവൻ നമുക്കായി കരുതുന്നവനാകയാൽ നമ്മുടെ സകലചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവാനാണ് തിരുവചനം ആഹ്വാനം ചെയ്യുന്നത്.

നാം കണ്ടിട്ടില്ലാത്ത ഒരു പുതിയ വർഷത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. എന്തെല്ലാമാണ് അഭിമുഖീകരിക്കേണ്ടിവരിക എന്ന് ആർക്കും അറിയില്ല. എന്നാൽ, നമ്മുടെ ഭാവി കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമാണ്. അതിനാൽ വിശ്വാസത്തോടെ കർത്താവിന്റെ മുഖത്തേയ്ക്ക് നോക്കി യാത്ര തുടരാം. സങ്കീർത്തനക്കാരൻ ദാവീദ് പറയുന്നു: 'ഞാൻ യഹോയവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തു ഭാഗത്തുള്ളത്കൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല' (സങ്കീ. 16:8). പുതിയ വർഷത്തിൽ പുതുജീവൻ നമുക്ക് ആവശ്യമത്രേ. ദൈവസന്നിധിയിൽ വിനയപ്പെട്ട് പ്രാർത്ഥിക്കുകയും, നമ്മെ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ ഉയരത്തിൽ നിന്നുള്ള ശക്തി ആർജ്ജിക്കുവാനും വിജയകരമായി മുന്നേറുന്നതിനും നമുക്ക് സാധിക്കുകയുള്ളൂ. ഈ വർഷം പുതുക്കത്തിന്റേയും നവജീവൻ പ്രാപിക്കുന്നതിന്റേയും, പുനഃസമർപ്പണത്തിന്റേയും അവസരമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കർത്താവ് നല്ലവനാണ്, വിശ്വസ്തനാണ്, വാക്ക് മാറാത്തവനാണ്. അവൻ നമ്മെ വഴിയിൽ ഉപേക്ഷിച്ചു പോകുന്നവനല്ല. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ അവൻ പിതാവായി, മാതാവായി, സ്നേഹിതനായി നമ്മോടൊപ്പം ഉണ്ടായിരിക്കും. നന്മകൾ മാത്രം നല്കുന്ന ഈ കർത്താവിൽ പൂർണ്ണമായും ആശ്രയിക്കാം. പ്രാർത്ഥനയോടുകൂടിയ പുതിയ കാൽവയ്പ് 2015-ലെ പ്രവർത്തനങ്ങൾക്ക് ശക്തി പകരട്ടെ

സമാധാനത്തിന്റെ പുതുവത്സരം എല്ലാവർക്കും ആശംസിക്കുന്നു.

കർത്താവിൽ നിങ്ങളുടെ ശുശ്രൂഷകൻ.

**മോഹൻദാസ് അച്ചൻ.**

# ക്രിസ്ത്യാനികൾ ആൾ ദൈവങ്ങൾക്ക് പിന്നാലെയോ ?



റവ. ഷിബു ആർ

## ആമുഖം

വ്യക്തിപൂജ (Personality Cult) അഥവാ വ്യക്തിയെ ദൈവമായി ആരാധിക്കുന്ന സമ്പ്രദായം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്രവും ദൈവവിശ്വാസവും രണ്ട് തട്ടിലാണെന്ന പ്രചാരം നിലവിലുണ്ടെങ്കിലും ശാസ്താന്വേഷണ കുതുകികൾ ഏറെയും ദൈവവിശ്വാസികളാണെന്ന് കാലം തെളിയിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും യഥാർത്ഥ ദൈവത്തെ കണ്ടെത്തുന്നതിനുപകരം 'ചില സ്വാധീന വലയത്തിൽപ്പെട്ട്' കപടദൈവങ്ങളുടെ പിന്നാലെ പോകുന്നവരെയും സമൂഹത്തിൽ ദർശിക്കാം. തൽഫലമായി വ്യക്തിദൈവങ്ങളുടെ സ്വാധീനം അനിയന്ത്രിതമായ നിലയിൽ വർദ്ധിച്ചിട്ടുണ്ട്. നൂറു ശതമാനം സാക്ഷരത കൈവരിച്ചുവെന്നവകാശവാദമുന്നയിക്കുന്ന കേരളം പോലും വ്യക്തി ദൈവങ്ങൾക്ക് വളക്കൂറുള്ള മണ്ണായിത്തീർന്നുകൊണ്ടിരിക്കുന്നു. എല്ലാ മതങ്ങളിലും രൂഢമൂലമായിക്കൊണ്ടിരിക്കുന്നതാണ് വ്യക്തിപൂജ. ശ്രീശ്രീരവിശങ്കർ, അമൃതാനന്ദമയി, സത്യസായിബാബ, കരുണാകരഗുരു, ദിനകരൻ തുടങ്ങിയവർ വ്യക്തിപൂജയിലൂടെ വളർന്ന് ജനഹൃദങ്ങൾ കവർന്നവരാണ്.

## വ്യക്തിദൈവങ്ങൾ വളരുന്നതെങ്ങനെ?

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയോടെ തങ്ങൾക്ക് ലഭിച്ച വിജ്ഞാനം ഒരു വിഭാഗം 'വിദ്യാസമ്പന്നർ' സമ്പത്ത് കൂട്ടുന്നതിന് മുഖാന്തിരമാക്കുമ്പോൾ, അവർ ദൈവത്തെ മറക്കുകയും ദൈവത്തിന്റെ ആവശ്യകത നിരാകരിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ധ്രുതഗതിയിലുള്ള ഉയർച്ചയ്ക്കുവേണ്ടി ആഗ്രഹിക്കുന്ന ജനങ്ങളുടെ മാനസിക ആശ്രയത്വം (Psychological dependency) മുതലെടുത്ത് അഭിവൃദ്ധിയുടെ സുവിശേഷം (Prosperity Gospel) പ്രചരിപ്പിക്കുന്ന അവർ ജനങ്ങളെ മാനസികമായി കീഴടക്കുന്നു. ഇതാണ് വ്യക്തിപൂജയിലേക്ക് നയിക്കുന്നത്. സാമൂഹിക പരിഷ്കർത്താക്കളുടെ വേഷമണിയുന്ന ആൾദൈവങ്ങൾ സനാതന മൂല്യങ്ങളെപ്പറ്റി സംസാരിക്കുന്നുവെങ്കിലും സുഖലോലുപതയ്ക്ക് പ്രാധാന്യം നൽകുന്നതിലൂടെ ജനത്തെ യഥാർത്ഥ ദൈവത്തിൽ നിന്നകറ്റുകയും തങ്ങളിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നു. എല്ലാ മതങ്ങളിലെയും മൂല്യങ്ങളെപ്പറ്റി സംസാരിക്കുന്ന അവർ ഒരു മിശ്രമതത്തിലേക്ക് (Mixed religion) ജനത്തെ നയിക്കുന്നു. ഓരോ മതസംഹിതകളുടെയും പശ്ചാത്തല പഠനം (Contextual study) നിഷേധിച്ചുകൊണ്ട് തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ മതമൂല്യങ്ങളെ വ്യാഖ്യാനിച്ച്

ജനപ്രീതി പിടിച്ചുപറ്റുന്നു. ഇത് കാലാന്തരത്തിൽ മതമൗലികവാദം, മതതീവ്രവാദം, വംശവിച്ഛേദന ക്രിയകൾ, മതഭീകരവാദം തുടങ്ങിയ സങ്കീർണ്ണതകൾക്ക് വഴിയൊരുക്കുന്നു. വ്യക്തിദൈവങ്ങൾ മാധ്യമങ്ങളെ നിയന്ത്രിക്കുകയോ സ്വന്തമായി ദൃശ്യശ്രവ്യ മാധ്യമങ്ങൾ സ്ഥാപിക്കുകയോ ഉടമസ്ഥാവകാശം ഏറ്റെടുക്കുകയോ വഴി അവരുടെ ആശയങ്ങൾ സംവേദനം ചെയ്ത് ജനത്തെ തെറ്റായ ദിശയിലേക്ക് തിരിക്കുന്നു. ഇതിലൂടെ സമൂഹത്തിലെ ഇടത്തരക്കാരെ മാത്രമല്ല എല്ലാ വിഭാഗം ജനങ്ങളെയും അവർ കൈയ്യിലെടുക്കുകയും അവർ രാഷ്ട്രീയക്കാരെ കൂട്ടുപിടിക്കുകയും മതത്തെ മറയാക്കി വിലപേശൽ നടത്തുകയും ജനത്തെവെറും വോട്ടുബാങ്കാക്കി മാറ്റുകയും ചെയ്യുന്നു. അവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും മെഡിക്കൽകോളേജുകളും ദരിദ്രരോടുള്ള കരുതൽ നാമമാത്രമായി പ്രകടിപ്പിക്കുമെങ്കിലും തലവരിപണം വാങ്ങുന്നതിന് കുറവൊന്നുമില്ല. അവയ്ക്ക് Good Certificate നൽകാൻ അധികാരികൾക്ക് ഒരു വിഷമവുമില്ല. അവിടത്തെ നിഗൂഢതകളും അജ്ഞാതമരണങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് ഇന്നും പിടികിട്ടുന്നില്ല. അജ്ഞാതമായ വരുമാനമാർഗ്ഗം, അടിക്കടിയുള്ള വിദേശയാത്രകൾ, ഗ്രീൻചാനലിലൂടെയുള്ള തിരിച്ചുവരവ് തുടങ്ങിയവയിലൂടെ ഇവർ പ്രബലരാകുന്നു. ഭരണാധിപൻമാർ കുമ്പിടുന്ന ഇവരുടെ വാഹനങ്ങളും ലഗേജുകൾപോലും പരിശോധിക്കുവാൻ ഉദ്യോഗസ്ഥർക്ക് ഭയമാണ്. ഹൈടെക് സാങ്കേതിക വിദ്യകൾ ഇവരുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ഇങ്ങനെ പോകുന്നു ആൾദൈവങ്ങളുടെ വളർച്ചാരീതികൾ.

## സഭയിൽ ആൾദൈവങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

ക്രൈസ്തവ മേഖലയിൽ വളർന്ന് വരുന്ന കുട്ടിദൈവങ്ങളും (കൺവെൻഷൻ പ്രസംഗകരും) വിശ്വാസികളെ സഭയിൽ നിന്ന് അടർത്തിയെടുക്കുന്നു. ബാങ്ക് ബാലൻസും, മുന്തിയ കാറും, ശീതീകരിച്ച മുറിയിലുള്ള അന്തിയുറക്കവും അവരെ ആർഭാടഭ്രമമുള്ളവരാക്കുന്നു. അവരുടെ ആർഭാട പൂർത്തീകരണത്തിനുവേണ്ടി ജനത്തെ തെറ്റായ ദിശയിലേക്ക് നയിക്കുന്നു. സ്വന്തമായി തിരുവത്താഴം നൽകലും റിയൽ എസ്റ്റേറ്റ് ബ്രോക്കർമാരുടെ റോളും അവരെ സമ്പന്നതയുടെ മടിത്തട്ടിലേയ്ക്ക് എത്തിക്കുന്നു. ഇത്തരത്തിലവർ നടത്തുന്ന ചൂഷണം ജനം കണ്ടില്ലെന്നു നടിക്കുന്നു.

## വേദപുസ്തക ദർശനം

മതാസക്തിയുള്ളവനാണ് മനുഷ്യൻ. ഒരു ദൈവത്തെ ഉപേക്ഷിക്കുമ്പോൾമറ്റൊരു ദൈവം ആ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു; അതിനാലാണ് ജനങ്ങൾ ആൾദൈവങ്ങളുടെ പിന്നാലെ പോകുന്നത് (യെശയ്യാവ് 17:7-14). പഴയനിയമത്തിൽ ന്യായാധിപൻമാർ, പുരോഹിതന്മാർ, പ്രവാചകന്മാർ തുടങ്ങിയവർ ജനനന്മയ്ക്കായി പ്രവർത്തിച്ചിട്ടുണ്ട്. യേശു അതിന് ഉത്തമ ദൃഷ്ടാന്തമാണ്. യേശു ദൈവാലയത്തിൽ പോകുകയും സുനഗോഗുകളിൽ ദൈവവചനം സംസാരിക്കുകയും ചെയ്തിട്ടുണ്ട്; ആൾദൈവങ്ങളുടെ പിന്നാലെ പോയിട്ടില്ല. ഇത് വ്യക്തമാക്കുന്നത് പ്രാദേശിക സഭയിലെ ആരാധനയ്ക്ക് യേശു ആവശ്യമായ പ്രാധാന്യം നൽകിയെന്നാണ്. പ്രാദേശിക സഭയാണ് വിശ്വാസ പരിപോഷണത്തിൽ ജനത്തെ വഴിനടത്തുന്നതിന്റെ ഒരു മുഖാന്തരം. മുകളിൽ പറഞ്ഞവരാരും മതത്തെ ഒരു മറയാക്കുകയോ ജനത്തെ തങ്ങളുടെ ഹിതാനുസരണം മുതലെടുപ്പ് നടത്തുകയോ ചെയ്തിട്ടുമില്ല.

## ഉപസംഹാരം

നവോത്ഥാനത്തിന്റെ നാടാണ് കേരളം. ചട്ടമ്പിസ്വാമികളും, വി.ടി.ഭട്ടതിരിപ്പാടും മന്നത്ത് പദ്മനാഭനും, അയ്യങ്കാളിയും, വേദമാണിക്യം മഹാരാസൻ തുടങ്ങിയവർ സമ്പുഷ്ടമാക്കപ്പെട്ട പ്രബുദ്ധകേരളം. ജനത്തെ മുതലെടുക്കാതെ അവരുടെ നന്മക്കായി പ്രവർത്തിച്ചവരാണിവർ. എന്നാൽ നിരവധി ആൾ ദൈവങ്ങളുടെ പിന്നാലെ വിശ്വാസികൾ പോകുന്നത് തടയുന്നതിന് സഭ ഒന്നടങ്കം വിശ്വാസത്തിൽ സ്ഥിരതയുള്ളവരാകുകയും, കള്ളനാണയങ്ങളെ തിരിച്ചറിയുന്നതിന് ജനത്തിന് ബോധവത്ക്കരണം നൽകുകയും, വേദപുസ്തകത്തിലേയ്ക്കും, 'യഥാർത്ഥ' ദൈവത്തിലേയ്ക്കുമുള്ള മടങ്ങിവരവിന് പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടത് ആവശ്യമാണ്. ആൾദൈവങ്ങൾക്കെതിരെ ജാഗ്രതയുള്ളവരായിരിക്കാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.




# പ്രധാന പ്രോഗ്രാമുകൾ

## ജനുവരി 2015

| | | | | |
|---|---|---|---|---|
| 4 | ഞായർ | 8.00 | AM | ഉടമ്പടി ആരാധന/സ്നാനം/തിരുവത്താഴം |
| 8 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 11 | ഞായർ | 8.00 | AM | ഞായർ ആരാധന |
| | | | | സംഘടനകളുടെ തെരഞ്ഞെടുപ്പ് |
| | | 11.00 | AM | ചർച്ച് കമ്മിറ്റി |
| 13 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 17 | ശനി | 9.30 | AM | ഉപവാസ ആരാധന |
| | | 9.00 AM - 12 PM | | ഏര്യാതല സിവിൽ സർവ്വീസ് സെമിനാർ |
| | | | | സി.എസ്.ഐ.കാട്ടാക്കട |
| 18 | ഞായർ | 8.00 | AM | ഞായർ ആരാധന |
| | | 10.00 | AM | സംഘടനകളുടെ ആരംഭം |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| 22 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 25 | ഞായർ | 7.00 | AM | ഇംഗ്ലീഷ് ആരാധന |
| | | 8.00 | AM | ഞായർ ആരാധന |
| 25.1.2015 - 1.2.2015 | | | | മഹായിടവക കൺവെൻഷൻ |
| 1.2.2015 | ഞായർ | 8.00 | AM | ഞായർആരാധന/തിരുവത്താഴം |

## ആദരാഞ്ജലികൾ





**വിജയദാസ്**
ഷീനാഭവൻ
മരണം: 28.12.2014

### പൊള്ളലേറ്റാൽ

തിളച്ചവെള്ളം കൊണ്ടായാലും എതുതരം പൊള്ളലേറ്റാലും എത്രയും വേഗം തേൻ പുരട്ടുക. പൊള്ളി പൊങ്ങാതിരിക്കും. പൊള്ളിപ്പൊങ്ങിയാലും തേൻ തന്നെയാണ് അത്യുത്തമം; വ്രണമാകാതിരിക്കും. അടുക്കളയിൽ അല്പം തേൻ കരുതുക.

റസിലം എഡ്വിൻ

# വിവാഹ വാർഷികാശംസകൾ

| | | |
|---|---|---|
| ബോവസ് - ലില്ലി | - | ശരണ്യാഭവൻ |
| വിൽസ്ചാൾസ് - കനകമ്മ | - | കാരുണ്യ |
| സെൽവദാസ് - അനിത | - | കുഴലാർ |
| രമേഷ്കുമാർ - ഹെലൻ | - | സുരേഷ് കോട്ടേജ് |
| രാജൻ - ഉഷാറാണി | - | ചാമവിള |
| സുദിൻ.ജി.റോയ് - അജന്ത | - | മശിഹാ ഭവൻ |
| ഐസക് - ഡയിസി | - | എസ്.എം. കോട്ടേജ് |
| V.K.വിത്സ്രാജ് - ക്രിസ്റ്റൽബായ് | - | വിചന |
| ജോൺസ് - ബിന്ദു | - | ഷെറിൻ ഭവൻ |
| യേശുദാസ് - സരോജം | - | ദാസ്ഭവൻ |
| വിനയരാജ് - ജിനി | - | കാന്തളബംഗ്ലാവ് |
| രത്നാകരൻ - റോസമ്മ | - | ആനന്ദവിലാസം |
| ദേവരാജ് - ലീലാതങ്കം | - | കൊല്ലംവിളാകം |
| സത്യൻ - ജിജി | - | മുണ്ടപ്പള്ളി |
| തങ്കയ്യൻ - മേരി | - | വിജയവിലാസം |
| വിൽഫ്രഡ് - സുമംഗല | - | ആലമുക്ക് |
| യേശുദാസ് - സുശീല | - | പനവിളാകത്ത് വീട് |
| ശശികുമാർ - മേരിവത്സല | - | നിനി നിവാസ് |
| നെത്സൻ - വിൽമറ്റ് | - | ജയിഡാവിലാസം |
| ശശി - ജെയിനി | - | ശനുനിവാസ് |
| സെൽവദാസ് - സോഫിയ | - | കുഴിക്കാരവിള |
| സാബുജസ്റ്റസ് - ആശാറാണി | - | സുജയാകോട്ടേജ് |
| അനിൽകുമാർ - ജോളി | - | തെങ്ങുംപള്ളി |
| ശനുശശി - ദീപ | - | ശനു നിവാസ് |
| ഷൈൻജോയ് - മിനി | - | സാന്ത്വനം |
| ജസ്റ്റിൻജോയ് - സീന | - | കുഴലാർ |
| ബിജു L.S - പ്രേമസ്റ്റെല്ലാബായ് | - | പ്രശാന്ത് |
| അനിൽകുമാർ - സുജാകുമാരി | - | അതുല്യാഭവൻ |
| M.J.സെൽവനേശൻ - നിർമ്മല | - | ഉഷസ് |
| സെബാസ്റ്റ്യൻ - നിഷ | - | ചാമവിള |
| ബിനു ജി.ആർ - പ്രീത | - | കുന്നുവിളവീട് |
| അനൂപ് - ആശ | - | ഭവിത |
| ബർട്ടിൻജോസ് - സുലോചന | - | അലൻനിവാസ് |
| അജി - രഞ്ജിനി | - | സാന്ത്വനം |
| രിജിക്കുഞ്ഞ് - ഷാനി | - | രിജിഭവൻ |
| സോമൻ - ക്രിസ്റ്റീന | - | ജിജിഭവൻ |
| അഭിരൂപ് - ഡോ: ആശ | - | കാരുണ്യ |
| അനീഷ് - നിത്യ | - | കരിച്ചാറവിള |

**പു**തിയതായി ചർച്ച് ഓർഗൺ പരിശീലനം നേടിയ ജിജോ.ജെ.സുധാകർ, എസ്.ജെ.റോജേഷ് എന്നിവരുടെ അരങ്ങേറ്റം 18.12.2014 വ്യാഴാഴ്ച വൈകുന്നേരം 6.30-ന് നടത്തുകയുണ്ടായി. ഡോ.വില്യം ജോൺ വിശിഷ്ടാതിഥിയായിരുന്നു. ഈ രണ്ട് കൊച്ചുമിടുക്കർക്കും ഇടവകയുടെ അഭിനന്ദനങ്ങൾ.

# വാർത്തകൾ, അറിയിപ്പുകൾ

## ധാന്യലേലം

ഡിസംബർ 18, 22 തീയതികളിലായി ക്രിസ്തുമസ് ധാന്യലേലം നടന്നു. 310 കുടുംബങ്ങൾ ഇതിൽ പങ്കെടുക്കുകയും 3,36,000 രൂപ ലഭിക്കുകയും ചെയ്തു. ഇനിയും സഭയിലെ പകുതിയിലധികം കുടുംബങ്ങൾ ഇതിൽ പങ്കെടുക്കേണ്ടതുണ്ട്. ദൈവം നൽകിയ അനുഗ്രഹങ്ങൾ ഓർമ്മിച്ചുകൊണ്ട് എല്ലാ കുടുംബങ്ങളും സഹകരിക്കുവാൻ താല്പര്യപ്പെടുന്നു.

ധാന്യലേലത്തിന് ആദ്യ അഞ്ചു സ്ഥാനം കരസ്ഥമാക്കിയവർ:

സർവ്വശ്രീ.

1. **ഫ്രാങ്ക്ളിൻ, മാമൂട്ടിൽ**
2. **എം.ജെ. സെൽവനേശൻ, ഉഷസ്**
3. **റിച്ചാർഡ് ജോയ്സൻ, ബഥേൽഹൗസ്**
4. **രാജൻ, ഗിലെയാദ്**
5. **വർഗ്ഗീസ്, സുരേഷ്കോട്ടേജ്**

## പുൽക്കൂട് മത്സരം

ഡിസംബർ 24 വൈകുന്നേരം സഭാങ്കണത്തിൽ വാർഡുതല പുൽക്കൂട് മത്സരം സംഘടിപ്പിച്ചു. സഭയിലെ 4 വാർഡുകൾ പങ്കെടുത്തു.

| | |
|---|---|
| 1-ാം സ്ഥാനം | **വാർഡ് 6 (കട്ടയ്ക്കോട്-കാന്തള)** |
| 2-ാം സ്ഥാനം | **വാർഡ് 8 (മൂങ്ങോട്-കഞ്ചിയൂർക്കോണം)** |
| 3-ാം സ്ഥാനം | **വാർഡ് 1 (തോട്ടമ്പറ-കുഴലാർ)** |
| 4-ാം സ്ഥാനം | **വാർഡ് 7 (കിളളി-തിരുവനന്തപുരം)** |

## സെമിട്രി പ്രെയർ

പരേതരായവരെ അനുസ്മരിച്ചുകൊണ്ട് 24-12-2014 വൈകുന്നേരം 5 മണിക്ക് സെമിട്രി പ്രെയർ നടത്തപ്പെട്ടു. ഈ ആരാധനയ്ക്കു ചർച്ച് ക്വയർ നേതൃത്വം നൽകി. അനേകം കുടുംബാംഗങ്ങൾ അവരുടെ പ്രിയപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുവാൻ എത്തിച്ചേർന്നു.

## ക്രിസ്തുമസ് ഈവ്

ചർച്ച് ക്വയറിന്റെ നേതൃത്വത്തിൽ 24-12-2014 വൈകുന്നേരം 6.30 ന് ക്രിസ്തുമസ് ഈവ് ആരാധന നടത്തുകയുണ്ടായി. ഈ അനുഗ്രഹീതമായ ശുശ്രൂഷയിൽ അനേകം സഭാവിശ്വാസികൾ പങ്കെടുത്തു. ഈ ആരാധനയോട് അനുബന്ധിച്ച് വർണ്ണശബളമായ കരിമരുന്ന് പ്രയോഗം ഏറെ ആകർഷണീയ മായിരുന്നു.

## ക്രിസ്തുമസ് കരോൾ

ഈ വർഷത്തെ ക്രിസ്തുമസ് കരോൾ ശുശ്രൂഷ നവംബർ 30 മുതൽ ഡിസംബർ 20 വരെ അനുഗ്രഹപ്രദമായ രീതിയിൽ നടത്തുകയുണ്ടായി. സഭയിലെ പുരോഹിതന്മാരുടെ നേതൃത്വത്തിൽ രണ്ടു ടീമുകളായി നടത്തിയ കരോൾ ശുശ്രൂഷയിൽ അനേകം സഭാവിശ്വാസികൾ പങ്കെടുത്തു. ക്രിസ്തുമസ് കരോളിനെ സന്തോഷത്തോടെ സ്വീകരിച്ച എല്ലാ സഭാജനങ്ങൾക്കും നന്ദി അറിയിക്കുന്നു. കരോൾ സംഭാവനയായി 1,10,886/- രൂപ ലഭിച്ചു.

## ക്രിസ്തുമസ് ആരാധന

ഡിസംബർ 25 വ്യാഴാഴ്ച രാവിലെ 8 മണിക്ക് ക്രിസ്തുമസ് ആരാധന നടത്തുകയുണ്ടായി. ദക്ഷിണകേരള മഹായിടവക ട്രഷറർ റവ: ഡി. ജേക്കബ് അച്ചൻ ക്രിസ്തുമസ് സന്ദേശം നൽകി. ആരാധനയിൽ അവതരിപ്പിച്ച ബാന്റുമേളം ശ്രദ്ധേയമായി. ആരാധനയ്ക്കുശേഷം കേക്കും ചായയും

എല്ലാവർക്കും വിതരണം ചെയ്തു. ക്രിസ്തുമസിനോട് അനുബന്ധിച്ച് സഭയും പരിസരവും ദീപാലങ്കാരം നടത്തിയതും ആകർഷണീയമായിരുന്നു.

## വർഷാന്ത്യ ആരാധന

ഡിസംബർ 30, 31 തീയതികളിലായി വർഷാന്ത്യ ഭവനസന്ദർശനം നടത്തുകയുണ്ടായി. ഡിസംബർ 31-ാം തീയതി രാത്രി 9.30 ന് വർഷാന്ത്യ ആരാധന ആരംഭിച്ചു. രാത്രി 12.15-ന് ക്യാൻഡിൽ ലൈറ്റിംഗ് സർവ്വീസിന് ആരംഭം കുറിച്ചുവെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

## സംഘടനകളുടെ സംയുക്തവാർഷികം

14-12-2014 ഞായറാഴ്ച ആരാധനയോടനുബന്ധിച്ച് സംഘടനകളുടെ സംയുക്തവാർഷികം നടത്തുകയുണ്ടായി. റവ: എൽ.വി.ബിപിൻലാൽ അച്ചൻ മുഖ്യാതിഥിയായി എത്തിച്ചേർന്നു. സണ്ടേസ്കൂൾ, യുവജന സഖ്യം, ബാലജനസഖ്യം, സ്ത്രീജനസഖ്യം എന്നീ സംഘടനകൾ 2014-ാം വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് സംഘടനാംഗങ്ങൾക്ക് സമ്മാനം നൽകുകയും ചെയ്തു. വാർഷികയോഗത്തിന് ശേഷം എല്ലാവർക്കും ഭക്ഷണം ക്രമീകരിക്കുകയുണ്ടായി.

## പുവർഫണ്ട്

പുവർഫണ്ടിന്റെ നേതൃത്വത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് 135 സാധുക്കൾക്ക് വസ്ത്രവും 70 പേർക്ക് അരിയും പായസക്കിറ്റും വിതരണം ചെയ്തു. 24-ാം തീയതി പ്രഭാതത്തിൽ കിടരോഗികളെ സന്ദർശിച്ച് ക്രിസ്മസ് കേക്ക് നൽകി. കൂടാതെ പ്രതിമാസ പെൻഷനും വിദ്യാഭ്യാസ സഹായവും നൽകുകയുണ്ടായി.

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

**4. 1. 2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്**

**11.1. 2015 - ശ്രീ. ഗോഡ്വിൻ & ഫാമിലി, കമലാഭവൻ**

**28.1. 2015 - ശ്രീ. അജി & ഫാമിലി, സാന്ത്വനം, ചാരുപാറ**

**25.1. 2015 - ശ്രീ. ജിജിക്കുഞ്ഞ് & ഫാമിലി, രിജിഭവൻ**

## സണ്ടേസ്കൂൾ

ഡിസംബർ 21-ാം തീയതി ഞായറാഴ്ച കുട്ടികളുടെ ക്രിസ്മസ് ദിനമായി ആഘോഷിച്ചു. ആരാധനയ്ക്ക് ശേഷം ലക്കിഡിപ്പും, ഉച്ചയ്ക്കുശേഷം 2 മണിക്ക് ക്രിസ്മസ്ട്രീ നറുക്കെടുപ്പും അതിനെത്തുടർന്ന് കുട്ടികളുടെ കലാപരിപാടികളും നടത്തുകയുണ്ടായി. ഇതിന്റെ ജനറൽ കൺവീനറായി ശ്രീ.എ.ജോസ്കുമാർ പ്രവർത്തിച്ചു. കലാപരിപാടികൾക്ക് നേതൃത്വം നൽകിയ ഗ്രേഡ് ലീഡേഴ്സിനും വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ച കുട്ടികൾക്കും നന്ദിയർപ്പിക്കുന്നു.

## യുവജനസംഘടന

യുവജനസംഘടനയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭവനത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 7-12-2014 ഞായറാഴ്ച 11.30 ന് നടത്തി. ഈ ഭവനനിർമ്മാണ പദ്ധതിയിൽ സഹകരിച്ച എല്ലാ സഭാജനങ്ങൾക്കും നന്ദി അറിയിക്കുന്നു. ഇതിന്റെ കൺവീനറായി ശ്രീ. രിജിക്കുഞ്ഞ് പ്രവർത്തിച്ചു.

. യുവജനസംഘടനയുടെ നേതൃത്വത്തിൽ സഭയുടെ മുൻഭാഗത്ത് ക്രിസ്തുമസ് ദൃശ്യാവിഷ്കാരം ക്രമീകരിച്ചു. കൺവീനറായി ശ്രീ. സിനിരാജ് പ്രവർത്തിച്ചു. 24-12-2014 വൈകുന്നേരം 6.30 ന് ലോറി ഘോഷയാത്ര സഭാങ്കണത്തിൽ നിന്ന് ആരംഭിച്ചു. ക്രിസ്തുവിന്റെ ജനനം സമൂഹമധ്യേ അറിയിക്കുന്ന ഈ ലോറി ഘോഷയാത്ര കാണുന്നതിന് അനേകം സഭാജനങ്ങളും നാട്ടുകാരും എത്തിച്ചേർന്നു. യുവജന സംഘടനാംഗങ്ങളുടേയും സഭാജനങ്ങളുടെയും അദ്ധ്വാനവും സഹായവും ഇതിന്റെ വിജയത്തിന് കാരണമായി.


BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

പ്രശാന്ത് സി.വി. - സ്നേഹതീരം
മിഖായേൽ - ജീനാകോട്ടേജ്
മോഹൻദാസ് ഡി. - അനുപമ
ശോഭനദാസ് - എം.എസ്.കോട്ടേജ്
തങ്കപ്പൻ - വിജയഭവൻ
പ്രദീപ് - പ്രദീപ് ഭവൻ
വിജയൻ - മൂങ്ങോട്
രാജു - ലിറ്റിൽ ഭവൻ
റിബിൻ ജോൺസ് - സീന
നിഷ ആൽഫ്രഡ് - അഭി ആരാമം
ശശി - ശനു നിവാസ്
ശോഭിതദാസ് - മശിഹാഭവൻ
അനിൽറോയ് - ഡി. എസ്. വില്ല
ആൻസി എ. പി. - ഉടയാൻകുഴി
ഗിരിജ - മൂങ്ങോട്
സോനാ തോമസ് - തോമസ് ഭവൻ
രമ്യജാസ്മിൻ - ഡി. ആർ. ഭവൻ
ജോജി.ജെ.ജോൺ - ജെ. ജെ. ഭവൻ
യേശുദാസൻ - പ്ലാവിള
എൽസി - കരിയംകോട്
സജിദാസ് - പാലേലി
ഐറിൻ ഗ്ലോറി - ഗ്ലോറി ഭവൻ
പുഷ്പലത - ശാരോൻ
രജീവദാസ് - മെശിഹാഭവൻ
സ്റ്റിൽവിൻ - പ്രശാന്ത്
അനിത - കുഴലാർ
ഡേവിഡ് - ചരുവിള
ചന്ദ്രലീല - കുളത്തോട്ടുമല
സാബു ജസ്റ്റസ് - സുജയാ കോട്ടേജ്
സോഫിയ - കുഴിക്കാരവിള
സെൽവദാസ് - കുഴലാർ
ജെ.ക്രിസ്റ്റഫർ - റോസ് ഗാർഡൻ
ഐറിൻ സുധ - ലിറ്റിൽ ഹൗസ്
സൗമ്യ - എസ്. കെ. ഭവൻ
മാത്യു റോയ് - മാത്യൂസ്
അല്ല എസ്. ഷെറിൻ - ഷെറിൻ നിവാസ്
അഖില - കുഴലാർ
ജിതിൻ - ജെ. സി. ഭവൻ
പ്രശാന്ത് ജി. വില്യം Tr - ദീപം
റോബിൻസൻ - അഖിലാഗാർഡൻ
വിനീത - വിനോദ് ഭവൻ
ബിൻസി അജിത് - ഗ്രീൻവില്ല
ഷിബു - പൂഞ്ഞാംകോട്
ജസ്ലെറ്റ് - കുഴിവിള
അനീഷ് - ചിന്താഭവൻ
അഞ്ചു പ്രിയ - പ്രണവം
കുഞ്ഞു റോസ് - കുഴലാർ
എലിശ - ലിറ്റിൽ ഭവൻ
Rev. വിനോദ് D. സാരസം - സാരസം ഹൗസ്
Adv. M.J. റസ്സൽ - റാണി ഭവൻ
ലില്ലി - രമ്യ
ജാസ്മിൻ അല്ലി - കമലാഭവൻ
കമലാസുലോചനാബായ് Tr - സുജയാ കോട്ടേജ്
വിമല - റാണിഭവൻ
ഡി.സ്റ്റാൻലോജോൺ Tr - കുഴലാർ
സിമ്മിരാജ് Tr - സുകൃതി
ഉഷാറാണി - ചാമവിള
ജീനാവിൻസെന്റ് - വിൻസ്‌വില്ല
മിലൻ - പ്രസാദ് ഭവൻ
രാജയ്യൻ - സാം ഭവൻ
വിനീത് റോബർട്ട് Er. - റോം
ഇബനീസർ - കാന്തള ബംഗ്ലാവ്
ജസ്റ്റസ് Tr - പാരഗൺഹൗസ്
വിമൽരാജ് - പാറപ്പൊറ്റ
വിജയരാജ് - പാറപ്പൊറ്റ
പ്രീത - കുന്നുവിളവീട്
ഫ്രാങ്ക്ലിൻ - മാമൂട്ടിൽ
ബിനുരാജ് - ബിനുഭവൻ
രത്നാകരൻ - ആനന്ദവിലാസം
അമൽകുമാർ - എ. കെ. നിവാസ്
റീനാജോൺ - ബഥനി
നെത്സൺ - ജയിഡാവിലാസം
ശാൻശശി - ശനുനിവാസ്
നിജിഷ - വിജയഭവൻ
സൂരജ് - ചാമവിള
അനല വി. ദാസ് - ഡി. എസ്. സദനം
അബിൻ എ. ആർ. - സാന്ത്വനം
വിപിൻദാസ് - പൗർണ്ണമി
അയന - നിലാവ്
പ്രണവ് - പ്രദീപ് ഭവൻ
രാജേഷ് - രാജേഷ് ഭവൻ

ബീനാറാണി - അജിത് ഭവൻ
റോഷ്മി - ലാൽ ഭവൻ
വിത്സ്രാജ് - വി.എസ്.ഗാർഡൻ
സഞ്ജന - സഞ്ജനാ ഭവൻ
ആരാധ്യ മേരിക്കുട്ടി സൈറസ് - പാരഡൈസ്
അലൻ - അലൻ നിവാസ്
ക്രിസ്റ്റീനാൽ - വിദ്യാഭവൻ
രാജീ വത്സലം - ഏദൻ
ലീലാബായ് - ഷാജി ഭവൻ
രമേശൻ - മൂങ്ങോട്
അരുൺദാസ് - ഗ്രേസ് ഗാർഡൻ
ജനറ്റ് - ഷൈൻസ്ഗാർഡൻസ്
അക്സ എസ്.മോഹൻ - ഇമ്മാനുവേൽ വില്ല
യേശുദാസ് - ചാരുപാറ
അജിത് - അജിത് ഭവൻ
അജിത് പ്രദീപം - പ്രദീപ് നിവാസ്
പ്രസന്നകുമാരി - ധന്യ
പ്രസാദ് - പ്രസാദ് ഭവൻ
സത്യനേശൻ - കോട്ടാക്കുഴി
സന്ധ്യ - പുഷ്പവിലാസം
സരളാബായ് - ചാമവിള
മേനോജസ്റ്റിൻ - എൽ.എസ്.കോട്ടേജ്
ബൈജുകുമാർ - ജ്ഞാനഭവൻ


മിനിജാ ഗ്ലാഡ്സ്റ്റൻ



# 2015 അനുഗ്രഹത്തിന്റെ വർഷം

ഓരോ വർഷത്തിന്റെ ആരംഭത്തിലും 'Happy and Prosperous New Year' എന്ന് പലരും ആശംസിക്കാറുണ്ട്. വരാൻ പോകുന്ന വർഷം സന്തോഷകരവും സമൃദ്ധി നിറഞ്ഞതും ആഗ്രഹിക്കുന്നതെല്ലാം സാധിക്കുന്നതും ആയിരിപ്പാൻ ആഗ്രഹിക്കാത്തവരായി ആരും തന്നെ ഇല്ല. എന്നാൽ അനുഗ്രഹപ്രദമായ ഒരു ജീവിതം ലഭിക്കാൻ അടിസ്ഥാനമായി വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് നോക്കാം.

"യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (സങ്കീ.1:1). ഭാഗ്യവാൻ എന്നാൽ Blessed അഥവാ അനുഗ്രഹിക്കപ്പെട്ടവൻ എന്നാണർത്ഥം. 'Happy, Fortunate, Prosperous and enviable' എന്നാണ് ഭാഗ്യവാൻ എന്നതിന് Amplified Bible- ൽ നല്കിയിരിക്കുന്ന വ്യാഖ്യാനം. യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുന്നൊരു വ്യക്തി മറ്റുള്ളവർക്ക് അസൂയതോന്നും വിധം സന്തോഷവാനും ഭാഗ്യവാനും സമൃദ്ധിയുള്ളവനും ആയിരിക്കും എന്നാണ് വേദപുസ്തകം പറയുന്നത്.

യിസ്രായേൽ ജനത്തെ ദൈവം ഫറവോന്റെ അടിമത്തത്തിൽ നിന്നും വിടുവിച്ച്

കനാൻ ദേശത്തേക്ക് കൊണ്ടുവന്നപ്പോൾ അവർക്ക് അതൊരു പുതുക്കത്തിന്റെ അനുഭവം ആയിരുന്നു. പുതിയ ദേശത്ത് അനുഗ്രഹകരമായ ഒരു ജീവിതം നയിക്കുന്നതിന് ആധാരമായി നല്കിയ കല്പനകൾ പുതുവർഷത്തിലേക്ക് കടക്കുന്ന നമുക്കും ബാധകമാണ്. "നീ ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിന് ന്യായപ്രമാണത്തിലെ കല്പനകൾ വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുത്... നീ രാവും പകലും അത് ധ്യാനിച്ചു കൊണ്ടിരിക്കേണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. നീ കൃതാർത്ഥനായും ഇരിക്കും" (യോശുവ1:5-8). ദൈവകല്പനകൾ അനുസരിച്ച് ജീവിക്കുമ്പോൾ വരാൻ പോകുന്ന പുതിയ വർഷത്തിന്റെ ആരംഭം മുതൽ അവസാനം വരെ യഹോവയുടെ ദൃഷ്ടി നമ്മുടെ ജീവിതത്തിന്മേലും നമ്മുടെ ദേശത്തിന്മേലും ഇരിക്കും. യഹോവയെ മാത്രം സേവിക്കുമെങ്കിൽ യഹോവ തന്നെ നനയ്ക്കുകയും കാവൽ നില്ക്കുകയും ചെയ്യുന്ന ഒരു പുതുവർഷത്തിന്റെ ആരംഭത്തിലേക്കാണ് ദൈവം നമ്മെ കൊണ്ട് വന്നിരിക്കുന്നത്.

വേലികെട്ടിയ മുന്തിരിതോട്ടത്തിനകത്ത് പരിപാലിക്കപ്പെടുന്ന ഒരു അത്തി വൃക്ഷത്തെപ്പറ്റി പുതിയനിയമത്തിൽ യേശു പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ ഫലം തെരഞ്ഞ് വന്നപ്പോൾ ലഭിക്കാതിരുന്ന ഒരവസ്ഥയാണിവിടെ കാണുന്നത്. പല അവസരങ്ങൾ ലഭിച്ചിട്ടും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാത്ത അവസ്ഥ കാപട്യവും അനുസരണക്കേടും നിറഞ്ഞതാണ്.

ഫലം തെരഞ്ഞപ്പോൾ ലഭിക്കാത്തത് കാരണം യേശു വഴിയരികിലെ അത്തി വൃക്ഷത്തെ ശപിച്ച സംഭവും നമുക്കറിയാം. ആർക്കും ഒരു പ്രയോജനവും നല്കാൻ കഴിയാത്ത അവസ്ഥ അപകടം നിറഞ്ഞതാണ്. അത് ദൈവശാപത്തിനും നമ്മുടെ നാശത്തിനും വഴിയൊരുക്കുന്നു.

ഓരോ വർഷത്തെയും ആദ്യസീസണിൽ ഉണ്ടാകുന്ന കായ്കൾ അത്തിവൃക്ഷത്തിന്റെ തടിയിൽ വന്ന് കഴിഞ്ഞ ശേഷമാണ് അത്തി ഇലകൾ കൊണ്ട് നിറയുന്നത്. അതിനാൽ ഇലകൾ നിറഞ്ഞ അത്തിയിൽ ഫലം തിരയുന്നത് സ്വാഭാവികം മാത്രം. എന്നാൽ യേശുവിന് ഒരു ഫലം പോലും അതിൽ കണ്ടെത്താനായില്ല. ആ വൃക്ഷത്തിന്റെ കപട സ്വഭാവത്തെയാണ് യേശു ശപിച്ചത്. കാഴ്ചയിൽ ഇലകൾ നിറഞ്ഞ് ഫലത്തോട് കൂടിയതായി തോന്നിപ്പിക്കുകയും എന്നാൽ ആർക്കും പ്രയോജനമില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ശാപയോഗ്യമാണ്.

ദൈവവചനം അനുസരിച്ച് ജീവിക്കുന്ന ഒരു വ്യക്തി ഭാഗ്യവാനായിരിക്കും എന്ന് മാത്രമല്ല തക്കകാലത്ത് ഫലം പുറപ്പെടുവിക്കയും ചെയ്യുന്നതായിരിക്കും എന്ന് ഒന്നാം സങ്കീർത്തനത്തിൽ പറയുന്നു.

ഈ പുതിയ വർഷത്തിൽ ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും അനുസരിച്ച് നടക്കാൻ തീരുമാനമെടുക്കുന്ന ഓരോ വ്യക്തിക്കും ദൈവം നല്കുന്ന അനുഗ്രഹങ്ങളാണിവ. "നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വജാതികൾക്കും മീതെ ഉന്നതമാക്കും. പട്ടണത്തിൽ നീ അനുഗ്രഹിക്കപ്പെടും; വയലിൽ നീ അനുഗ്രഹിക്കപ്പെടും; അകത്ത് വരുമ്പോൾ നീ അനുഗ്രഹിക്കപ്പെടും; പുറത്തുപോകുമ്പോൾ നീ അനുഗ്രഹിക്കപ്പെടും; നിന്നെ എതിർക്കുന്ന ശത്രുക്കളെ യഹോവ നിന്റെ മുമ്പിൽ തോൽക്കുമാറാക്കും. നീ അനേക ജാതികൾക്ക് വായ്പ കൊടുക്കും. യഹോവ നിന്നെ വാലല്ല, തലയാക്കും. നീ ഉയർച്ച തന്നെ പ്രാപിക്കും. താഴ്ച പ്രാപിക്കയില്ല" (ആവർത്ത. 28:1-14).

പുതിയവർഷത്തിൽ ദൈവം നമുക്ക് വേണ്ടി കരുതിയിരിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിക്കാൻ തക്കവണ്ണം ദൈവത്തെ അനുസരിച്ച് നടക്കയും മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി തീരുകയും ചെയ്യാം.

○

## CEYF ഭവനനിർമ്മാണത്തിന് സംഭാവന നൽകിയവരുടെ ആകെ ലിസ്റ്റ്

| | |
|---|---|
| ബേബിടീച്ചർ, റീജാഭവൻ | 25000 |
| എം.ജെ. സെവൽവനേശൻ, ഉഷസ് | 25000 |
| പ്രൊഫ: കമലമ്മ, സീജാനിവാസ് | 10000 |
| ബ്രൈറ്റ്സിംഗ്ടീച്ചർ, ലിസ്ബത്ത് | 10000 |
| അജിത്‌വിൽസ് നിർമ്മൽ, കരുണനിവാസ് | 10000 |
| ഡോ: നീതു അരുൺ, നിത്യ | 7500 |
| പേരില്ലാതെ | 7000 |
| ഡോ:എം.ജെ.സെൽവദാസ് , നിത്യ | 6000 |
| എൻ. ഗ്ലാഡ്സ്റ്റൻ, നിഷാന്ത് | 5000 |
| ജി.ആർ. ബിനു, കുന്നുവിളവീട് | 5000 |
| ഫ്രാങ്ക്ളിൻ, മാമൂട്ടിൽ | 5000 |
| റ്റി.എൽ. സത്യരാജ്, ലീലാഭവൻ | 5000 |
| ഇ. വിജയരാജ്, ഗ്രേസ്ഡയൽ | 5000 |
| വത്സരാജ്, അനിഴം | 5000 |
| ഡോ:എൽ.എസ്. ബിനു, പ്രശാന്ത് | 5000 |
| ദീപേഷ് എഡ്വിൻ, കൊച്ചുബഥേൽ | 5000 |
| ഷൈൻരാജ്/ഷാൻരാജ്, ദീപാകോട്ടേജ് | 5000 |
| ഷിനു/ലിജി, ഉടയാൻകുഴി | 5000 |
| M.F.ഡിക്സൻരാജ് ടീച്ചർ, ആരാമം | 3500 |
| ബേബിജോൺസ്, തിരുവനന്തപുരം | 3000 |
| സത്യൻ, മുണ്ടപ്പള്ളി | 3000 |
| വിജയദാസ്, സുഹവാസ് | 2500 |
| എൻ.എസ്. രാജംടീച്ചർ/ അരുൺകുമാർ എസ്.ആർ. ഭവൻ | 2500 |
| കെ.കെ. രാജീവ്, എവർഗ്രീൻ | 2000 |
| സുകുമാരൻ, പുലരി | 2000 |
| വർഗ്ഗീസ്, സുരേഷ്കോട്ടേജ് | 2000 |
| മധുകുമാർ, മനീഷ | 2000 |
| ബാബു, ആലമുക്ക് | 2000 |
| എസ്. തോംസൻടീച്ചർ, ലീലാഭവൻ | 2000 |
| ജെ. ക്രിസ്റ്റഫർ, റോസ്ഗാർഡൻ | 2000 |
| സുന്ദരദാസ്, എസ്.എസ്. ഭവൻ | 2000 |
| ശിംശോൻ, ബിനുഭവൻ | 2000 |
| സനൽദത്ത്, കിളിക്കൂട് | 2000 |
| ജസ്റ്റിൻജാവർട്ട്, ഏഞ്ചൽ | 2000 |
| പ്രശാന്ത് ജി., വില്യം ടീച്ചർ, ദീപം | 2000 |
| ജയകുമാർ, വികാസ്ഭവൻ | 2000 |
| അസറിയ, ഉടയാൻകുഴി | 2000 |
| അജയകുമാർ, കാരുണ്യ | 1550 |
| ധനലക്ഷ്മി, തിരുമല | 1550 |
| രിജിക്കുഞ്ഞ്, റിജിഭവൻ | 1500 |
| എം.സി. ഐറിൻടീച്ചർ, മാത്യൂസ് | 1500 |
| ജാവർട്ട്ജീവത്സൻ, തൃപ്തി | 1500 |
| റോസിൻജാവർട്ട്, തൃപ്തി | 1500 |
| ശോഭനദാസ്, ഷൈൻഗാർഡൻ | 1500 |
| ബിനോയ് ആർ.പി., ഷാരോൻ | 1500 |
| ചെല്ലമ്മടീച്ചർ, കണ്ണംപാറ | 1500 |
| മോഹൻദാസ്, അനുപമ | 1500 |
| വിൽഫ്രഡ്രാജ്, ഒയാസിസ് | 1500 |
| സ്റ്റാൻലി കെ, അരുവിമുഖം | 1400 |
| തുളസി, ഞാറവിള | 1350 |
| കാറ്ററിംഗ് സർവ്വീസ് (സി.ഇ.വൈ.എഫ്.) | 1250 |
| ഡോ: എസ്. വാട്സൻ, മെരിലാന്റ് | 1000 |
| ജിജിക്കുഞ്ഞ്, റിജിഭവൻ | 1000 |
| സെൽവരാജ്, സനുഭവൻ | 1000 |
| അഭിരൂപ്, കാരുണ്യ | 1000 |
| റ്റി.എസ്. ബിജു, ശാരദാലയം | 1000 |
| റ്റി.എസ്. സജി, തോമസ് നിവാസ് | 1000 |
| ഐറിൻഗ്ലോറിടീച്ചർ, ഗ്ലോറിഭവൻ | 1000 |
| സെൽവദാസ്, കുഴിക്കാരവിള | 1000 |
| കെ.ദാസ് ടീച്ചർ, ആൽഫ | 1000 |
| ഡി. സ്റ്റാൻലോജോൺ ടീച്ചർ, കുഴലാർ | 1000 |
| ഡി. മോഹൻദാസ് ടീച്ചർ, കുഴലാർ | 1000 |
| സുരേഷ്കുമാർ ടീച്ചർ, നിലാവ് | 1000 |
| സിമ്മിരാജ് ടീച്ചർ, സുകൃതി | 1000 |
| രാജൻ, ഗിലെയാദ് | 1000 |
| ജസ്‌ലറ്റ്ബായ്, ജെ.ജെ. ഭവൻ | 1000 |
| വിജയൻ/ധന്യ, ഓണംകോട് | 1000 |
| യേശുദാസൻ, ചിത്രാലയം | 1000 |
| വി.കെ. എഡ്വേർഡ്, സീയോൻ | 1000 |
| സദാശിവൻ, കുറ്റിയത്ത്‌വീട് | 1000 |
| പ്രദീപ്, രത്നപ്രഭാമന്ദിരം | 1000 |
| നിധീഷ്, റോസ്ഗാർഡൻ | 1000 |
| ഗമാലിയേൽ വൈ. ഇമ്മാനുവേൽ | 1000 |
| ദാനിയേൽ, സോഫിൻഭവൻ | 1000 |
| വിൽസ്‌രാജ്, ഷീനാഭവൻ | 1000 |
| ലിജോദാസ്, ലിജോഭവൻ | 1000 |
| ജെ.എസ്.ഷാജികുമാർ, ഷാലോം | 1000 |
| ഹാരീസ്, റീജാഭവൻ | 1000 |
| പ്രസാദ്, ഭവിത, പാഷാറ | 1000 |
| പ്രൊഫ: ജെ.സ്റ്റാൻലോജോൺസ്, സീന | 1000 |
| ജയൻ, ജെ.സി. ഭവൻ | 1000 |
| ശശി, ശനുനിവാസ് | 1000 |
| എൽ.എസ്. ബൈജു, പ്രശാന്ത് | 1000 |
| ദാവീദ്, അനുഗ്രഹ | 1000 |
| ഐസക്, എസ്.എം. കോട്ടേജ് | 1000 |
| വിനോജ് ഡി. സാരസം, സാരസം ഹൗസ് | 1000 |
| റ്റി. സൈറസ്, പാരഡൈസ് | 1000 |
| ഡോ: വിൻസിദീപേഷ്, കൊച്ചുബഥേൽ | 1000 |
| അഡ്വ: എം.ജെ. റസ്സൽ, റാണിസദനം | 1000 |

| | |
|---|---|
| അജിത്കുമാർ എസ്.ആർ. അജിത്കോട്ടേജ് | 1000 |
| ഡെന്നിസൻ/ശോഭനദാസ്, | |
| എം.എസ്. കോട്ടേജ് | 1000 |
| ജീവൻ എസ്. ജോയ്, ബഥേൽഹൗസ് | 1000 |
| വിജയകുമാർ, ജാസ്മിൻ നിവാസ് | 1000 |
| ജോസ് ടീച്ചർ, അഭയം | 1000 |
| ശ്യാംകുമാർ, കുളത്തോട്ടുമല | 1000 |
| അനിൽകുമാർ, എ.കെ. നിവാസ് | 1000 |
| അജി, സാന്ത്വനം | 1000 |
| ഷിനിൽകുമാർ | 1000 |
| യേശുദാസ്, നിർമ്മലീകോട്ടേജ് | 1000 |
| ബിജു, നിഖിൽ നിവാസ് | 1000 |
| ഡി. ഗോപാൽരാജ്, സുജനിവാസ് | 500 |
| ആർ. വിമൽരാജ്, രാജ്ഭവൻ | 500 |
| ആർ. സാംരാജ്, വഴിയോരം | 500 |
| സെബാസ്റ്റ്യൻ, നിമിഭവൻ | 500 |
| മര്യദാസ്, വിദ്യാഭവൻ | 500 |
| പ്രസീനടീച്ചർ, റോയ്സ് | 500 |
| വിൽസ്ചാൾസ്, കാരുണ്യ | 500 |
| അഡ്വ: ക്രിസ്റ്റഫർ, ബഥെസ്ഥ | 500 |
| മേഴ്സിബായ്, ലാൽഭവൻ | 500 |
| വിജയദാസ്, ഷീനാഭവൻ | 500 |
| ലോറൻസ്, പ്രശാന്ത്, ഓണംകോട് | 500 |
| ഗിരീഷ്കുമാർ, ജി.കെ. ഭവൻ | 500 |
| പങ്കജം/ജയൻ, നാവെട്ടികോണം | 500 |
| സ്റ്റീഫൻസൻ, അരുവിമുഖം | 500 |
| അനിൽ & ഷാനി, അരുവിമുഖം | 500 |
| സാവിയോ, പ്രശാന്ത് | 500 |
| വിജയൻ, വിദ്യാഭവൻ | 500 |
| വത്സലകുമാർ, കോട്ടാകുഴി | 500 |
| വി.കെ. ആൻസലം, ഷാരോൺ | 500 |
| ക്രിസ്തുദാസ്, അജിത്ഭവൻ | 500 |
| സത്യരാജി, എസ്.ആർ. ഭവൻ | 500 |
| സത്യജോയ്, സത്യഭവൻ | 500 |
| വിനയരാജ്, കാന്തളബംഗ്ലാവ് | 500 |
| ഡേവിഡ്, സജികോട്ടേജ് | 500 |
| എസ്. സ്റ്റീഫൻസൻ, ജോസ്ഭവൻ | 500 |
| ഡേവിഡ്, ചരിവുവിള | 500 |
| ഷൈൻജോയ്, സാന്ത്വനം | 500 |
| രജിത് എദൻ, കിള്ളി | 500 |
| വിൻസന്റ്, വിൻസ്ഭവൻ | 500 |
| ഷിബുജസ്റ്റസ് ടീച്ചർ, കീർത്തനം | 500 |
| ജോയൽ സുധാകർ, ശ്രുതിലയം | 500 |
| അനിക്കുട്ടൻ, മനുഭവൻ | 500 |
| തോംസൺ, കരിച്ചാറവിള | 500 |
| ചന്ദ്രൻ, പ്രിയാഭവൻ | 500 |
| കോമളം, കരിച്ചാറവിള | 500 |
| ഫ്രാങ്ക്ളിൻ, തച്ചൻകോട് | 500 |

| | |
|---|---|
| ജയൻ, സഞ്ജനാഭവൻ | 500 |
| ഷീബ, പത്മവിലാസം | 500 |
| മശിഹാദാസ്, മിശിഹാഭവൻ | 500 |
| റോബർട്ട്, ജ്ഞാനഭവൻ | 500 |
| സ്റ്റീഫൻസൻ, കോട്ടൈക്കോണം | 500 |
| ദയാമണി ടീച്ചർ | 500 |
| റോബിൻസൻ, അഖിലാഗാർഡൻ | 500 |
| സത്യദാസ് ടീച്ചർ, പൗർണ്ണമി | 500 |
| ശിംശോൻ, പ്രശാന്ത്കോട്ടേജ് | 500 |
| ജെ. രത്നരാജ് ടീച്ചർ, ഡയിൽസ് ഭവൻ | 500 |
| അനിൽറോയി, ഡി.എസ്. വില്ല | 500 |
| സതീഷ്കുമാർ, ലൗഡെയിൽ | 500 |
| ഡിറ്റോമോൻ, ഡി.ആർ. ഭവൻ | 500 |
| സോമൻ, ബഥനി | 500 |
| സുശീല, നിസ്സിഭവൻ | 500 |
| സാം സുലോസലിൻദാസ്, അരോമ | 500 |
| രത്നകുമാർ, ഗീതുഭവൻ | 500 |
| ബാങ്ക് പലിശ | 468 |
| ലിബർട്ട്, ലാൽഭവൻ | 400 |
| മേരിടീച്ചർ/ബിന്ദുകുമാരി, ഷാജി ഭവൻ | 400 |
| പി. മിഖായേൽ, ജീനാകോട്ടേജ് | 400 |
| ഗോഡ്വിൻ, ഗോഡ്വിൻ നിവാസ് | 300 |
| ജയരാജ്, കാര്യോട്ടുകോണം | 300 |
| റ്റി.എസ്. ജയരാജ്, ഗ്രേസ്നിവാസ് | 250 |
| മുത്തയ്യൻടീച്ചർ, ലീലാകോട്ടേജ് | 250 |
| റൈറ്റസ്, പ്രശാന്ത് | 250 |
| റവ: ഡി.വിൽസൻ | 250 |
| രത്നാകരൻ, ആനന്ദവിലാസം | 250 |
| വിജയരാജ്, വിജയഭവൻ | 250 |
| ഗംഗാധരൻ, തകിടിപ്പുറം | 250 |
| സുഗുണൻ, കൃപാഭവൻ | 250 |
| എഡ്വിൻ ആൻസലം, ഷാജിഭവൻ | 200 |
| രാഹുൽ, ഗിലെയാദ് | 200 |
| ജസ്റ്റസ് ടീച്ചർ, പാരഗൺ ഹൗസ് | 200 |
| പി. സ്റ്റീഫൻസൻ, അക്ഷയ | 200 |
| സത്യനേശൻ, സത്യഭവൻ | 200 |
| വിശ്വരാജ്, ലീലാഭവൻ | 200 |
| വി. നെൽസൻ, ജയിഡാവിലാസം | 200 |
| എസ്.കെ. സ്റ്റീഫൻസൻ ടീച്ചർ, പ്രശാന്ത് | 200 |
| ലില്ലിവിജയൻ, രമ്യ | 200 |
| രത്നാബായ്/ഷൈൻകുമാർ, | |
| ലീലാകോട്ടേജ് | 200 |
| സുഷമാജസ്റ്റസ്, ഡ്രീംസ് | 100 |
| വിജയബാബു, എ.വി.എൻ. കോട്ടേജ് | 100 |
| ബേബി, അരുവിമുഖം | 100 |
| ഷൈൻജോയ്, ഷൈൻനിവാസ് | 100 |
| സരോജം, കോട്ടാക്കുഴി | 100 |
| ക്രിസ്തുദാസ്, ഊറ്റുകുഴി | 100 |



# ഫിലമോന്റെ അടിമ



വിൽഫ്രഡ് രാജ്

അപ്പൊസ്തലനായ വിശുദ്ധ പൗലോസ് എഴുതിയ ലേഖനങ്ങളിൽ ഏറ്റവും ചെറുതാണ് ഫിലമോന്റെ ലേഖനം. അതിന് കാരണക്കാരനായത് ഫിലമോന്റെ അടിമയായിരുന്ന ഒനേസിമോസ് എന്ന ചെറുപ്പക്കാരനാണ്.

കൊലോസ്യ പട്ടണത്തിലെ ഒരു ധനികനായ റോമൻ പൗരനായിരുന്നു ഫിലമോൻ. ഗ്രീക്കുകാരൻ. 'പ്രിയപ്പെട്ടവൻ' എന്നാണ് പേരിന്റെ അർത്ഥം. ഭാര്യ അപ്പിയെയും മകൻ അർക്കിപ്പൊസും. വീട്ടിൽ സഭായോഗം കൂടിയിരുന്നു എന്നു പറയുമ്പോൾ വീടിന്റെ വലിപ്പം മനസ്സിലാക്കാമല്ലോ. അന്നത്തെ നാട്ടുനടപ്പനുസരിച്ച്, ഫിലമോന് ധാരാളം അടിമകൾ ഉണ്ടായിരുന്നിരിക്കണം. അവരിലൊരാളായിരുന്നു ഒനേസിമോസ്.

അപ്പൊസ്തലനായ പൗലോസിന്റെ പ്രവർത്തനഫലമായി ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചവരായിരുന്നു ഫിലമോനും കുടുംബവും. തുടർന്ന് ദൈവവേലയിൽ വ്യാപൃതരായി. കാലക്രമത്തിൽ ഫിലമോൻ കൊലോസ്യയിലെ സഭയിൽ ബിഷപ്പ് ആയി മാറി. നീറോ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തീയ സഭ അതിക്രൂരമായ പീഡനങ്ങൾക്കിരയായി. ഇക്കാലത്ത് എ.ഡി. 61-ൽ ഫിലമോനും കുടുംബവും രക്തസാക്ഷികളായി മരിച്ചു. ജനക്കൂട്ടം കല്ലെറിഞ്ഞാണ് ഇവരെ കൊന്നതെന്ന് വിശ്വസിക്കപ്പെടുന്നു.

ഫിലമോൻ ബിഷപ്പ് ആകുന്നതിന് മുൻപാണ് ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന സംഭവം ഉണ്ടായത്. അടിമയായ ഒനേസിമോസ് ഒളിച്ചോടിപ്പോവുകയായിരുന്നു. ഒരു അടിമ (മലയാളം ബൈബിളിൽ ദാസൻ)

ഒളിച്ചോടിപ്പോകുന്നത് ക്ഷമിക്കാനാകാത്ത കുറ്റമായിരുന്നു. പിടിക്കപ്പെട്ടാൽ ഒരുപക്ഷേ മരണശിക്ഷ തന്നെ ലഭിക്കുമായിരുന്നു. ഒനേസിമോസും പിടിക്കപ്പെട്ടു. പൗലോസ് കൈസര്യയിലെ തടവറയിൽ അടയ്ക്കപ്പെട്ടിരുന്ന സമയമായിരുന്നു അത്. തടവറയിൽ വച്ച് പൗലോസ് ഒനേസിമോസിനെ കണ്ടുമുട്ടി. ഫിലമോന്റെ വീട്ടിൽ വച്ച് ഒനേസിമോസിനെ പരിചയമുണ്ടായിരുന്ന പൗലോസ്, ഈ ചെറുപ്പക്കാരനുമായി നല്ല വ്യക്തിബന്ധം സ്ഥാപിച്ചു. തടവറയിൽ വച്ചുപോലും ആത്മാക്കളെ ക്രിസ്തുവിനുവേണ്ടി നേടാൻ അടക്കാനാകാത്ത ദാഹമുണ്ടായിരുന്ന പൗലോസിന്റെ പ്രബോധനഫലമായി ഒനേസിമോസ് ക്രിസ്തുവിൽ വീണ്ടും ജനിച്ചു.

ഹ്രസ്വമായ കാരാഗൃഹവാസത്തിന് ശേഷം ഒനേസിമോസ് മോചിതനായി. അയാൾക്ക് പോകാൻ ഒരിടമില്ലായിരുന്നു. ഫിലമോന്റെ അടുക്കൽത്തന്നെ മടക്കി അയയ്ക്കുകയായിരുന്നു, ഏറ്റവും നല്ല പോംവഴി. എന്നാൽ ഫിലമോൻ തന്റെ അടിമയെ വീണ്ടും സ്വീകരിക്കുമോ എന്നത് ഉറപ്പില്ലായിരുന്നു. അതിനാൽ അടിമയുടെയും ഉടമയുടെയും മദ്ധ്യേ രമ്യതയുണ്ടാക്കാനായി പൗലോസ് ഒരു കത്തെഴുതി അത് ഒനേസിമോസിന്റെ കൈയ്യിൽ കൊടുത്തു വിട്ടു. ആ കത്താണ് ഫിലമോന്റെ ലേഖനം. പൗലോസിനൊപ്പം തിമഥെയോസും, എപഫ്രാസും തടവറയിലുണ്ടായിരുന്നു എന്ന് ഈ ലേഖനത്തിൽ നിന്ന് മനസ്സിലാക്കാം.

കത്തുമായി മടങ്ങിയെത്തിയ ഒനേസിമോസിനെ ഫിലമോൻ സ്വീകരിച്ചു എന്ന് ഉറപ്പിച്ചു വിശ്വസിക്കാം. പൗലോസ് മോചിതനായ ശേഷം അയാൾ പൗലോസിന്റെയൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഇതിനകം ഈ അടിമയെ ഫിലമോൻ മോചിപ്പിച്ചിരുന്നു. കൊലോസ്യയിലെ സഭയ്ക്ക് ലേഖനം കൊടുത്തുവിടാൻ കൊലോസ്യക്കാരനായ ഒനേസിമോസിനെയും ഒപ്പം തിഹിക്കോസിനെയുമായിരുന്നു പൗലോസ് തെരഞ്ഞെടുത്തത്. (കൊലോ 4:7-9).

ഫിലമോനും പിന്നീട് പൗലോസും രക്തസാക്ഷികളായി. പൗലോസിനെ വാൾകൊണ്ട് വെട്ടിക്കൊന്ന അതേദിവസം തന്നെ വിശുദ്ധ പത്രോസിനെ തലകീഴായി ക്രൂശിച്ചു കൊന്നു. (എ.ഡി. 64) ക്രിസ്തീയ സഭതന്നെ ഇല്ലാതാകുമെന്ന് നീറോ വ്യാമോഹിച്ചപ്പോൾ വേദപുസ്തകത്തിൽ അവിടവിടെയായി പരാമർശങ്ങൾ മാത്രമുള്ള ഒരുകൂട്ടം വിശ്വാസവീരന്മാരായ സഭാപിതാക്കളും, എവിടെയും പേരെഴുതപ്പെട്ടിട്ടില്ലാത്ത ഒരു കൂട്ടം വിശ്വാസികളും സഭയെ തങ്ങളുടെ ചോരയും വിയർപ്പും നൽകി വളർത്തി.

ഇന്നത്തെ ഗ്രീസിന്റെയും തുർക്കിയുടെയും അതിർത്തിയോട് ചേർന്ന പ്രദേശങ്ങളാണ് ഏഷ്യാ മൈനർ എന്നറിയപ്പെടുന്നത്. ഇവിടെയുള്ള എഫസോസിലെ സഭയിലെ ആദ്യ ബിഷപ്പായിരുന്നു തിമഥെയോസ്. ധീരനായ ഈ യുവാവും നീറോയുടെ വാളിനിരയായി. തുടർന്ന് എഫസോസിലെ ബിഷപ്പായി നിയോഗിക്കപ്പെട്ടത് ഒനേസിമോസ് ആയിരുന്നു. തന്നിൽ അർപ്പിതമായ ദൗത്യം അതീവ പ്രാഗത്ഭ്യത്തോടെ അയാൾ നിർവ്വഹിച്ചു.

നീറോയുടെ പിൻഗാമികളും ക്രിസ്തീയ സഭയെയും ക്രിസ്ത്യാനികളെയും ഉപദ്രവിക്കുന്നതിൽ ഒന്നിനൊന്ന് മത്സരിച്ചു. ഡൊമീഷ്യൻ ചക്രവർത്തിയുടെ കാലത്ത്, എ.ഡി. 96-ൽ ഒനേസിമോസ് വാളിനാൽ കൊല്ലപ്പെട്ടു.

'പ്രയോജനമുള്ളവൻ' എന്നാണ് ഒനേസിമോസ് എന്ന പേരിന്റെ അർത്ഥം. ഫിലമോനെഴുതിയ ലേഖനത്തിൽ പൗലോസ് പറയുന്നതുപോലെ, മുമ്പേ പ്രയോജനമില്ലാത്തവനായിരുന്ന ഈ അടിമ, ഫിലമോന് മാത്രമല്ല, ക്രിസ്തീയ ഗോളത്തിനാകെ പ്രയോജനമുള്ളവനായി, സഭാചരിത്രത്തിലെ ഒരു ദീപ്തനക്ഷത്രമായി നിലകൊള്ളുന്നു. ○

## ക്രിസ്മസ് ധാന്യോത്സവത്തിൽ ആദ്യ അഞ്ചുസ്ഥാനം കരസ്ഥമാക്കിയവർ


ഫ്രാങ്ക്ളിൻ
മാമൂട്ടിൽ


എം.ജെ.സെൽവനേശൻ
ഉഷസ്


റിച്ചാർഡ് ജോയ്സൻ
ബെഥേൽഹൗസ്


രാജൻ
ഗിലയാദ്


വർഗ്ഗീസ്
സുരേഷ്കോട്ടേജ്


**ഷീന. W.U**
ഷീനാഭവൻ
BScനഴ്സിംഗ്
പാസായി.


**സിൻസി H.R**
സുരേഷ് കോട്ടേജ്
BScനഴ്സിംഗ്
പാസായി.


**ലിജോദാസ്**
ലിജോ ഭവൻ
ITIപരീക്ഷ വിജയിച്ചു.

## സെമിട്രി പ്രെയർ



## ഓർഗൺ അരങ്ങേറ്റം



സണ്ടേസ്ക്കൂൾ–കുട്ടികളുടെ ക്രിസ്തുമസ് പ്രോഗ്രാം



## വേർപാടിന്റെ 4-ാം വർഷം


ഐ.ശമുവേൽ

**ജനനം:** 27-03-1924 **മരണം:** 21-01-2011

ജ്ഞാനദാസ് &ഫാമിലി , ലിജോഭവൻ



# പാർവ്വതി
## ഏജൻസീസ്

Opp:മുകേഷ് ജൂവലറി, മാർക്കറ്റ് റോഡ്,
കാട്ടാക്കട,
ഫോൺ: 0471-2295757

ക്രിസ്തുമസ്
പുതുവത്സരാശംസകൾ



മാന്യ ഉപഭോക്താക്കളെ

വിലക്കുറവിൽ പകരം വയ്ക്കാനില്ലാത്ത കാട്ടാക്കടയിലെ ഏക സ്ഥാപനമെന്ന് ഉപഭോക്തക്കളുടെ മുക്തകണ്ഠപ്രശംസ പിടിച്ചുപറ്റിയ പാർവ്വതി ഏജൻസീസ് ഫർണിച്ചറുകൾക്ക് മാത്രമായി ഒരു പുതിയ ഷോറൂം പ്രവർത്തനം ആരംഭിച്ചിരിക്കുന്നവിവരം സസന്തോഷം അറിയിക്കുന്നു. സ്റ്റീൽ, വുഡൻ അലമാരകൾ, സെറ്റി, ഡൈനിംഗ് ടേബിൾ, മെത്ത, കട്ടിൽ, കസേര, സാരി സ്റ്റാന്റ്, സ്റ്റഡി ടേബിൾ, ബുക്ക് ഷെൽഫ് തുടങ്ങി എല്ലാവിധ ഫർണിച്ചറുകളും ഇവിടെ നിന്നും ലഭിക്കുന്നതാണ്.































C.S. Offset, Kattakada Ph:0471-2290534